IT@SCHOOL STATE PROJECT OFFICE
(IT project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA P.O., THIRUVANANTHAPURAM-12
Ph: 0471-2529800 Fax: 0471-2529810
E-mail : contact@itschool.gov.in, victers@itschool.gov.in
Website : www.itschool.gov.in, www.victers.itschool.gov.in

IT @ School
GENERAL EDUCATION DEPARTMENT
GOVT. OF KERALA

No. ITS/2012/09/1434 (3) തീയതി: 10.09.2012

## സർക്കുലർ

**വിഷയം:-** **ഐടി@സ്കൂൾ പ്രോജക്ട് - പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് ഒരു ദിവസത്തെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:- 2012 ജൂലൈയിൽ തൃശ്ശൂർ 'കില' യിൽ വച്ച് നടന്ന മാസ്റ്റർ ട്രെയിനർമാരുടെ ശില്പശാലയിലെ തീരുമാനം.

സൂചനപ്രകാരം ഓരോ സ്കൂളിൽ നിന്നും പത്താം ക്ലാസിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് ഐ.സി.ടി പാഠപുസ്തകത്തിലെ QGIS, Animation, Website, Hardware and Networking മേഖലകളിൽ പരിശീലനം ക്രമീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി 15.09.2012-ന് ഒരു ദിവസത്തെ ഹാർഡ്‌വെയർ പരിശീലനം പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് നൽകുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓരോ സ്കൂളിലെയും ഓരോ പത്താംക്ലാസ് ഡിവിഷനിൽ നിന്നും ഒരു വിദ്യാർത്ഥിയെ വീതം ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. ഇതിനുള്ള ആർ.പി. പരിശീലനം 13.09.2012-നകം നടത്തേണ്ടതാണ്.
2. പത്താംക്ലാസിലെ ഐ.സി.ടി പാഠപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഹാർഡ്‌വെയർ & നെറ്റ്‌വർക്കിംഗ് പാഠഭാഗത്തെ അധിഷ്ഠിതമാക്കിയുള്ള പരിശീലനമാണ് നൽകേണ്ടത്. ഇതിനായി പ്രോജക്ടിൽ നിന്ന് തയ്യാറാക്കി നൽകിയിട്ടുള്ള മൊഡ്യൂൾ ഉപയോഗിക്കേണ്ടതാണ്.
3. മാസ്റ്റർ ട്രെയിനർ/സ്കൂൾ ഐ.ടി കോർഡിനേറ്റർമാരാണ് പരിശീലനം നൽകേണ്ടത്. പരിശീലകർക്ക് ദിനബത്തയായി 200/- രൂപയും പരിശീലനത്തിൽ പങ്കെടുക്കുന്ന MT/SITC മാർക്ക് 100/- രൂപ ഓണറേറിയവും ഡി.ആർ.സി. അക്കൗണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. കുട്ടികൾക്ക് പരിശീലനം നൽകുമ്പോഴും പരിശീലകർക്ക് 200/- രൂപ ദിനബത്ത അനുവദിക്കാവുന്നതാണ്.
4. പരിശീലനകേന്ദ്രങ്ങളിലെ ഉപയോഗയോഗ്യമല്ലാത്ത കമ്പ്യൂട്ടറുകൾ ഈ പരിശീലനത്തിനായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ മാസ്റ്റർട്രെയിനർമാരുടെ നേതൃത്വത്തിൽ സ്കൂൾ ഐ.ടി കോർഡിനേറ്റർ പരിശോധിച്ച് കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ലെന്ന് ഉറപ്പുവരുത്തി പ്രഥമാധ്യാപകരുടെ അനുമതിയോടുകൂടി മാത്രമെ പരിശീലനത്തിന് ഉപയോഗിക്കാവൂ.
5. ഒരു കേന്ദ്രത്തിൽ 20 മുതൽ 25 വരെ കുട്ടികളെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേര്, സ്കൂൾ തുടങ്ങിയ വിശദാംശങ്ങൾ പ്രോജക്ട് നിർദ്ദേശിക്കുന്നതനുസരിച്ച് ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതാണ്.

6. പരിശീലനത്തിനായി സ്കൂൾ കമ്പ്യൂട്ടർ ലാബുകളോ സ്കൂളിലെ സൗകര്യപ്രദമായ മറ്റു സ്ഥലങ്ങളോ ഉപയോഗിക്കാവുന്നതാണ്.

7. പരിശീലനത്തിന്റെ റിപ്പോർട്ടും ചെലവ് സംബന്ധമായ കണക്കും ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും 'STUDENTS TRAINING' എന്ന ഹെഡിൽ ചേർക്കേണ്ടതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
വിദ്യാഭ്യാസ ഉപഡയറക്ടറുടെ അറിവിലേക്ക് (ജില്ലാ കോർഡിനേറ്റർ മുഖേന)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
എല്ലാ ജില്ലാ കോർഡിനേറ്റർ /മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
ഫിനാൻസ് ഓഫീസർ, ഐടി@സ്കൂൾ പ്രോജക്ട്
സ്റ്റോക്ക് ഫയൽ